| 22-06-2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ- നിങ്ങൾ ഇവിടെ പരിവർത്തനപ്പെടുന്നതിനുവേണ്ടി വന്നിരിക്കുന്നു, നിങ്ങൾക്ക് ആസുരീയ ഗുണങ്ങളെ മാറ്റി ദൈവീക ഗുണങ്ങളെ ധാരണ ചെയ്യണം, ഇത് ദേവതയായി മാറാനുള്ള പഠിപ്പാണ്.**

**ചോദ്യം:-** നിങ്ങൾ കുട്ടികൾ ഏത് പഠിപ്പാണ് ബാബയിൽനിന്ന് പഠിച്ചുകൊണ്ടിരിക്കുന്നത്, മറ്റാർക്കും ഇത് പഠിപ്പിക്കാൻ സാധിക്കില്ല?
**ഉത്തരം:-** മനുഷ്യനിൽ നിന്നും ദേവതയായി മാറാനുള്ള പഠിപ്പ്, അപവിത്രതയിൽ നിന്നും പവിത്രമായി മാറി പുതിയ ലോകത്തിലേക്ക് പോകാനുള്ള പഠിപ്പ്. ഒരു ബാബക്കല്ലാതെ വേറെ ആർക്കും പഠിപ്പിക്കാൻ സാധിക്കില്ല. ബാബയാണ് സഹജജ്ഞാനവും രാജയോഗത്തിന്റെ പഠിപ്പിലൂടെയും പവിത്ര പ്രവർത്തിമാർഗ്ഗം സ്ഥാപന ചെയ്യുന്നത്.

**ഓം ശാന്തി**. ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ് വാസ്തവത്തിൽ രണ്ട് പേരും പിതാവാണ്, ഒന്ന് പരിധിയുള്ളതും, രണ്ട് പരിധിയില്ലാത്തതും. അത് പിതാവാണെങ്കിൽ ഇതും പിതാവു തന്നെയാണ്. പരിധിയില്ലാത്ത ബാബ വന്ന് പഠിപ്പിക്കുകയാണ്. കുട്ടികൾക്കറിയാം നമ്മൾ പുതിയ ലോകമായ സത്യയുഗത്തിലേക്കുവേണ്ടി പഠിച്ചുകൊണ്ടിരിക്കുകയാണ്. ഇങ്ങനെയുള്ള പഠിപ്പ് ലോകത്ത് എവിടേയും ലഭിക്കില്ല. നിങ്ങൾ കുട്ടികൾ അനവധി സത്സംഗങ്ങളിൽ പോയിട്ടുണ്ടായിരുന്നു. നിങ്ങളും ഭക്തരായിരുന്നില്ലേ. അനവധി ഗുരുക്കന്മാരുണ്ടായിരുന്നു, ശാസ്ത്രങ്ങളെല്ലാം പഠിച്ചിരുന്നു. പക്ഷേ ഇപ്പോൾ ബാബ വന്ന് ഉണർത്തി. ബാബ പറയുകയാണ് ഇപ്പോൾ ഈ പഴയ ലോകം പരിവർത്തനപ്പെടും. ഇപ്പോൾ ഞാൻ നിങ്ങളെ പുതിയ ലോകത്തിലേക്കുവേണ്ടി പഠിപ്പിക്കുകയാണ്, ഞാൻ നിങ്ങളുടെ ടീച്ചറാണ്. വേറെ ഏതു ഗുരുക്കന്മാരെയും ടീച്ചറെന്ന് പറയാറില്ല. സ്കൂളിൽ ടീച്ചർ പഠിപ്പിക്കുന്നു, ഉയർന്ന പദവി പ്രാപ്തമാക്കാൻ. അവർ പഠിപ്പിക്കുന്നത് ഈ ലോകത്തേക്കുവേണ്ടിയാണ്. ഇപ്പോൾ നിങ്ങൾക്കറിയാം നമ്മളെന്താണോ പഠിപ്പ് പഠിച്ചുകൊണ്ടിരിക്കുന്നത് അത് പുതിയ ലോകത്തിലേക്കുവേണ്ടിയാണ്. സ്വർണ്ണിമയുഗമെന്ന് പറയുന്നു. ഈ സമയം ആസുരീയ ഗുണങ്ങളെ പരിവർത്തനം ചെയ്ത് ദൈവീക ഗുണങ്ങളെ ധാരണ ചെയ്യേണ്ടതുണ്ട്. ഇവിടെ നിങ്ങൾ പരിവർത്തനപ്പെടുന്നതിനുവേണ്ടി വന്നവരാണ്. നല്ല സ്വഭാവം ഉള്ളവരുടെ മഹിമ ചെയ്യാറുണ്ട്. ദേവതകളുടെ മുന്നിൽ പോയി പറയുന്നു താങ്കൾ ശ്രേഷ്ഠരാണ്, ഞങ്ങൾ നീചരാണ്. ഇപ്പോൾ നിങ്ങൾക്ക് ലക്ഷ്യം ലഭിച്ചു. ബാബ ഭാവിയിലേക്കുവേണ്ടി പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്യുന്നു. അതിനായി നിങ്ങളെ പഠിപ്പിക്കുകയും ചെയ്യുന്നു. സത്യയുഗത്തിൽ വികാരത്തിന്റെ കാര്യമേയില്ല. നിങ്ങൾ രാവണന്റെ മേൽ വിജയം നേടുന്നു, രാവണന്റെ രാജ്യത്തിൽ എല്ലാവരും വികാരികളാണ്. ഏതുപോലെ രാജാ റാണി അതുപോലെ പ്രജ. ഇപ്പോൾ ജനാധിപത്യരാജ്യമാണ്. ഇതിനുമുൻപ് രാജാറാണിയുടെ രാജ്യമായിരുന്നു, അവരും പതിതരായിരുന്നു. പതിതമായ രാജാക്കന്മാർക്ക് ക്ഷേത്രങ്ങൾ ഉണ്ടായിരുന്നു. നിർവ്വികാരി ദേവതകളെ പൂജ ചെയ്തിരുന്നു. നിങ്ങൾക്കറിയാം ദേവതകൾ മുൻപ് ഉണ്ടായിരുന്നതാണ്. ഇപ്പോൾ അവരുടെ രാജ്യമില്ല. ബാബ ആത്മാക്കളെ പാവനമാക്കി മാറ്റുകയും ഓർമ്മിപ്പിക്കുകയും ചെയ്യുന്നു നിങ്ങൾ ദേവതാ ശരീരമുള്ളവരായിരുന്നു. നിങ്ങളുടെ ആത്മാവും ശരീരവും രണ്ടും പവിത്രമായിരുന്നു. ഇപ്പോൾ വീണ്ടും ബാബ വന്ന് പതിതത്തിൽനിന്നും പാവനമാക്കി മാറ്റുകയാണ്, ഇതിനുവേണ്ടിയാണ് നിങ്ങൾ ഇവിടേക്ക് വന്നിരിക്കുന്നത്.

ബാബ ഓർഡിനൻസ് ഇറക്കുകയാണ് - കുട്ടികളേ, കാമം മഹാ ശത്രുവാണ്. ഇതാണ് നിങ്ങൾക്ക് ആദി-മദ്ധ്യ-അന്ത്യം ദുഃഖം നൽകുന്നത്. ഇപ്പോൾ നിങ്ങൾക്ക് ഗൃഹസ്ഥ വ്യവഹാരത്തിലിരുന്നു കൊണ്ടും പാവനമായി മാറണം. ദേവീദേവതകൾക്ക് പരസ്പരം സ്നേഹമുണ്ടായിരുന്നില്ല എന്നല്ല. അവർക്ക് വികാരി ദൃഷ്ടി ഉണ്ടായിരുന്നില്ല, നിർവ്വികാരികളായി ജീവിച്ചിരുന്നു. ബാബയും പറയുകയാണ് ഗൃഹസ്ഥവ്യവഹാരത്തിലിരുന്നും താമരപുഷ്പസമാനം ജീവിക്കൂ. തന്റെ ഭാവി ഇങ്ങിനെയുണ്ടാക്കണം എങ്ങിനെയാണോ നിങ്ങൾ പവിത്രമായ ജോഡിയായിരുന്നത് അതുപോലെ. ഓരോ ആത്മാവും വ്യത്യസ്ഥമായ നാമരൂപങ്ങളെടുത്ത് പാർട്ട് അഭിനയിക്കുന്നതിനുവേണ്ടി വന്നവരാണ്. ഇപ്പോൾ നിങ്ങളുടേത് അവസാനത്തെ പാർട്ടാണ്. പവിത്രതയുടെ കാര്യത്തിൽ വളരെയധികം പേരും എന്ത് ചെയ്യുമെന്ന ആശയക്കുഴപ്പത്തിലാണ്. എങ്ങിനെയാണ് കംമ്പാനിയനായിട്ടിരിക്കുക. കംമ്പാനിയന്റെ അർത്ഥമെന്താണ്? വിദേശത്തുള്ളവർ വൃദ്ധരാകുമ്പോൾ കമ്പനിക്കുവേണ്ടി വിവാഹം ചെയ്യാറുണ്ട്, സംരക്ഷണത്തിനുവേണ്ടി. ബ്രഹ്മചാരിയായി ജീവിക്കാൻ ഇഷ്ടമുള്ള ധാരാളം പേരുണ്ട്. സന്യാസിമാരുടെ കാര്യം വേറെ, ഗൃഹസ്ഥത്തിലിരിക്കുന്നവരും വളരെയധികം പേരുണ്ട് വിവാഹം ചെയ്യാൻ താൽപ്പര്യമില്ല. വിവാഹം

ചെയ്യുക പിന്നീട് കുട്ടിയും മക്കളേയും സംരക്ഷിക്കുക, എന്തിന് ഇങ്ങനെയുള്ള വലയിൽ സ്വയം കുരുങ്ങിപ്പോകും. ഇവിടേയും ഇങ്ങിനെയുള്ളവർ അനവധി പേർ വരുന്നുണ്ട് 40 വർഷത്തോളം ബ്രഹ്മചാരിയായിട്ടിരിന്നതിനുശേഷം, എന്താ പോയി വിവാഹം ചെയ്യണോ. സ്വതന്ത്രമായിട്ടിരിക്കാൻ ഇഷ്ടപ്പെടുന്നവരുണ്ട്. അവരെക്കണ്ട് ബാബക്ക് സന്തോഷമാണ്. അവർ ബന്ധനമുക്തരാണ്, ബാക്കിയുള്ളത് ശരീരത്തിന്റെ ബന്ധനമാണ്, ദേഹസഹിതം എല്ലാം മറക്കണം. കേവലം ഒരു ബാബയെ ഓർമ്മിക്കണം. ദേഹധാരിയായ ക്രിസ്തുവിനെയൊന്നും ഓർമ്മിക്കേണ്ട. നിരാകാരനായ ശിവൻ ദേഹധാരിയല്ല. പേര് ശിവനെന്നാണ്. ശിവക്ഷേത്രങ്ങളുമുണ്ട്. ആത്മാവിന് ലഭിച്ചിരിക്കുന്നത് 84 ജന്മത്തിന്റെ പാർട്ടാണ്. ഇത് അവിനാശിയായ ഡ്രാമയാണ്. ഇതിലൊന്നും മാറ്റാൻ സാധിക്കില്ല.

നിങ്ങൾക്കറിയാം ആദ്യമാദ്യം നമ്മുടെ ധർമ്മം, കർമ്മം ശ്രേഷ്ഠമായിരുന്നു. ഇപ്പോൾ ഭ്രഷ്ഠായി മാറിയിരിക്കുന്നു. ദേവതാധർമ്മം ഇല്ലാതായി എന്നല്ല. പാടാറില്ലേ ദേവതകൾ സർവ്വഗുണ സമ്പന്നരായിരുന്നു. ലക്ഷ്മി-നാരായണൻ രണ്ടുപേരും പവിത്രമായിരുന്നു. പവിത്ര പ്രവർത്തിമാർഗ്ഗമായിരുന്നു. ഇപ്പോൾ അപവിത്ര പ്രവർത്തിമാർഗ്ഗമാണ്. 84 ജന്മങ്ങളിലും വ്യത്യസ്ഥമായ നാമരൂപങ്ങളെടുത്ത് പരിവർത്തനപ്പെട്ടുവന്നു. ബാബ പറയുകയാണ് - മധുര മധുരമായ കുട്ടികളേ, നിങ്ങൾക്ക് തന്റെ ജന്മങ്ങളെക്കുറിച്ച് അറിയുമായിരുന്നില്ല, ഞാൻ നിങ്ങൾക്ക് 84 ജന്മത്തിന്റെ കഥ കേൾപ്പിക്കുകയാണ്. ആദ്യ ജന്മം മുതൽ മനസ്സിലാക്കിത്തരേണ്ടിവരുന്നു. നിങ്ങൾ പവിത്രമായിരുന്നു, ഇപ്പോൾ വികാരിയായി മാറി ദേവതകളുടെ മുന്നിൽ ശിരസ്സ് കുനിക്കുന്നു. ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ മുന്നിലും, ബുദ്ധ മതക്കാർ ബുദ്ധന്റെ മുന്നിലും, സിക്കുകാർ ഗുരു നാനാക്കിന്റെ സഭയിലും പോയി ശിരസ്സ് കുനിക്കുന്നു. ഇതിൽനിന്നും അറിയാൻ സാധിക്കും ഇവർ ആരുടെ വഴിയിലുള്ളവരാണ്. നിങ്ങളെക്കുറിച്ച് പറയുന്നത് ഹിന്ദു എന്നാണ്. ആദിസനാതന ദേവീദേവതാ ധർമ്മം എവിടെപ്പോയി, ഇതാർക്കും അറിയുന്നില്ല. പ്രായലോപം സംഭവിച്ചു. ഭാരതത്തിൽ അനവധി ചിത്രങ്ങളുണ്ടാക്കിയിട്ടുണ്ട്. മനുഷ്യർക്കും അനേക മതങ്ങളാണ്. ശിവനും അനവധി പേരുകൾ വച്ചിട്ടുണ്ട്. വാസ്തവത്തിൽ ബാബയുടെ പേര് ശിവനെന്നാണ്. ബാബ പുനർജ്ജന്മങ്ങളെടുത്തു അതുകൊണ്ട് അനവധി പേരുകൾ വച്ചു എന്നല്ല. മനുഷ്യർക്ക് അനേകമതങ്ങളാണ്, അതുകൊണ്ട് അനേക നാമങ്ങൾ വെക്കുന്നു. ശ്രീനാഥിലേക്ക് പോകുമ്പോൾ അവിടേയും ലക്ഷ്മി-നാരായണനാണ് ഉള്ളത്, ജഗനാഥക്ഷേത്രത്തിലേക്ക് പോകുമ്പോൾ അവിടേയും മൂർത്തി അതുതന്നെയാണ്. പല പല പേരുകൾ വെക്കുന്നു. എപ്പോൾ നിങ്ങൾ സൂര്യവംശത്തിലായിരുന്നു അപ്പോൾ പൂജകളൊന്നും ചെയ്തിരുന്നില്ല. നിങ്ങൾ മുഴുവൻ വിശ്വത്തിലും രാജ്യം ഭരിച്ചിരുന്നു, വളരെ സുഖികളായിരുന്നു. ശ്രീമത്തനുസരിച്ച് ശ്രേഷ്ഠമായ രാജ്യത്തിന്റെ സ്ഥാപന ചെയ്തിരുന്നു. അതാണ് സുഖധാമം. അവിടെ ആരും ഇങ്ങിനെ പറയില്ല ഞങ്ങളെ ബാബ പഠിപ്പിക്കുന്നു, മനുഷ്യനിൽനിന്നും ദേവതയാക്കി മാറ്റുന്നു. ദേവതാരാജ്യാത്തിന്റെ അടയാളങ്ങൾ ഉണ്ടല്ലോ. സത്യയുഗത്തിൽ കോട്ടകളൊന്നും തന്നെ ഇല്ല. കോട്ടകളെല്ലാം ഉണ്ടാക്കുന്നത് സുരക്ഷക്കുവേണ്ടിയാണ്. ദേവീദേവതകളുടെ രാജ്യത്തിൽ കോട്ടകളേ ഇല്ല. അവിടെ മറ്റാരും കയറിപ്പറ്റില്ല. ഇപ്പോൾ നിങ്ങൾക്കറിയാം നാം ദേവീദേവതാധർമ്മത്തിലേക്ക് ട്രാൻസ്ഫറായിക്കൊണ്ടിരിക്കുകയാണ്. അതിനായി നിങ്ങൾ രാജയോഗത്തിന്റെ പഠിപ്പ് പഠിച്ചുകൊണ്ടിരിക്കുകയാണ്. രാജപദവി പ്രാപ്തമാക്കണം. ഭഗവാനുവാചയാണ് - ഞാൻ നിങ്ങളെ രാജാക്കന്മാരുടേയും രാജാവാക്കി മാറ്റുകയാണ്. ഇപ്പോൾ രാജാ റാണി ഇല്ല. എത്ര പ്രശ്നങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്, ഇതാണ് കലിയുഗം, അയൺ ഏജ്. നിങ്ങൾ ഗോൾഡൻ ഏജിലുള്ളവരായിരുന്നു. ഇപ്പോൾ വീണ്ടും പുരുഷോത്തമസംഗമയുഗത്തിലാണ് നിൽക്കുന്നത്. ബാബ നിങ്ങളെ ആദ്യനമ്പറിലേക്ക് കൂട്ടിക്കൊണ്ടുപോകാൻ വന്നിരിക്കുകയാണ്, എല്ലാവരുടേയും നന്മ ചെയ്യുന്നു. നിങ്ങൾക്കറിയാം നമ്മുടേയും നന്മയുണ്ടാകുന്നു. ആദ്യമാദ്യം നമ്മളാണ് സത്യയുഗത്തിലേക്ക് വരിക. ബാക്കി ഏതേതെല്ലാം ധർമ്മത്തിലുള്ളവരുണ്ടോ അവരെല്ലാം ശാന്തി ധാമത്തിലേക്ക് പോകും. ബാബ പറയുകയാണ് എല്ലാവർക്കും പവിത്രമായി മാറണം. നിങ്ങളാണ് പവിത്രമായ ദേശത്തിൽ വസിച്ചിരിന്നത്, നിർവ്വാണധാമമെന്ന് ആ ലോകത്തെ പറയുന്നു. ശബ്ദത്തിനുപരിയായി കേവലം അശരീരിയായി ആത്മാക്കൾ ഇരിക്കുന്നു. ബാബ നിങ്ങളെ ഇപ്പോൾ ശബ്ദത്തിനുപരിയായി കൂട്ടിക്കൊണ്ടു പോകുകയാണ്. ഇങ്ങനെ ആരും പറയുന്നില്ല ഞാൻ നിങ്ങളെ നിർവ്വാണധാമത്തിലേക്കും ശാന്തിധാമത്തിലേക്കും കൂടെ കൊണ്ടുപോകും. ലോകത്തിലുള്ളവർ പറയുന്നത് ബ്രഹ്മത്തിൽ ലയിക്കുമെന്നാണ്. നിങ്ങൾ കുട്ടികൾക്കറിയാം ഈ ലോകം തമോപ്രധാനമാണ്, ഈ ലോകത്തിനോട് നിങ്ങൾക്ക് രുചി തോന്നുന്നില്ല. അതുകൊണ്ട് പുതിയ ലോകത്തിന്റെ സ്ഥാപനക്കും പഴയ ലോകത്തിന്റെ വിനാശത്തിനും വേണ്ടി ഭഗവാന് ഇവിടേക്ക് വരേണ്ടിവരുന്നു. ശിവജയന്തിയും ഇവിടെയാണ് ആഘോഷിക്കുന്നത്. വന്നിട്ട് എന്താണ് ഇവിടെ ചെയ്യുന്നത്? ആർക്കെങ്കിലും പറയാൻ സാധിക്കുമോ. ജയന്തി ആഘോഷിക്കുന്നത് തീർച്ചയായും ഇവിടേക്ക് വന്നതുകൊണ്ടല്ലേ. ഈ രഥത്തിലാണ് ഇരിക്കുന്നത്. ലോകത്തിലുള്ളവർ അതിനെ കുതിരവണ്ടിയായി

കാണിക്കുന്നു. ബാബ പറയുകയാണ്, ഞാൻ ഏത് രഥത്തിലാണ് സവാരി ചെയ്യുന്നതെന്ന് കുട്ടികളോട് പറയുന്നു. ഈ ജ്ഞാനം പിന്നീട് പ്രായലോപമാകുന്നു. ബ്രഹ്മാബാബയുടെ എൺപത്തിനാലാമത്തെ അന്തിമ ജന്മത്തിൽ ബാബക്ക് വരേണ്ടിവന്നു. ഈ ജ്ഞാനം വേറെ ആർക്കും നൽകാൻ സാധിക്കില്ല. ജ്ഞാനം പകലാണ്, ഭക്തി രാത്രിയാണ്. താഴോട്ട് ഇറങ്ങിക്കൊണ്ടിരിക്കുന്നു. ഭക്തിയിൽ എത്ര ഷോയാണ്, എത്ര കുംഭമേള അങ്ങനെ പല പല മേളകൾ വെക്കുന്നു. ഈ മേളകളിൽ ആരും ഇങ്ങിനെ പറയുന്നില്ല ഇപ്പോൾ നിങ്ങൾക്ക് പവിത്രമായി മാറി പുതിയ ലോകത്തേക്ക് പോകണം, ബാബയാണ് പറയുന്നത്. ഇപ്പോൾ സംഗമയുഗമാണ്. നിങ്ങൾക്ക് കഴിഞ്ഞ കൽപ്പത്തെ അതേ പഠിപ്പാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്, മനുഷ്യനിൽനിന്നും ദേവതയായി മാറിയിരുന്നു. മഹിമയുണ്ടല്ലോ മനുഷ്യനെ ദേവതയാക്കി മാറ്റി... തീർച്ചയായും ബാബയാണ് മാറ്റുന്നത്. നിങ്ങൾക്കറിയാം നമ്മൾ അപവിത്ര ഗൃഹസ്ഥധർമ്മത്തിലുള്ളവരായിരുന്നു, ഇപ്പോൾ ബാബ വന്ന് വീണ്ടും പവിത്ര പ്രവർത്തിമാർഗ്ഗം ഉണ്ടാക്കുകയാണ്. നിങ്ങൾ വളരെ ഉയർന്ന പദവി പ്രാപിക്കുന്നു. ഉയർന്നതിലും ഉയർന്ന ബാബ നിങ്ങളെ എത്ര ഉയർന്നതാക്കി മാറ്റുകയാണ്. ബാബയുടെതാണ് ശ്രീ ശ്രീ അതായത് ശ്രേഷ്ഠത്തിലും ശ്രേഷ്ഠമായ മതം. ഈ മതം നൽകി നമ്മളെ ശ്രേഷ്ഠരാക്കി മാറ്റുന്നത്. ശ്രീ ശ്രീ എന്നതിന്റെ അർത്ഥം ആർക്കും അറിയുന്നില്ല. ഒരു ശിവബാബയുടെ മാത്രം ടൈറ്റിലാണിത്. പക്ഷേ മനുഷ്യൻ സ്വയത്തിനെ ശ്രീ ശ്രീ എന്ന് പറയുന്നു. മാല കറക്കുന്നു. മാല നൂറ്റി എട്ടിന്റേതാണ് അതിനെ പതിനാറായിരത്തി ഒരുനൂറ്റിയെട്ടിന്റേതാക്കി മാറ്റി. അതിൽ 8 പേരും വരണം. 4 ജോഡികളും ഒരു ബാബയുമാണ്. അങ്ങിനെയാണ് അഷ്ടരത്നങ്ങളും ഒൻപതാമത്തേതായി ഞാനും. ഇവരെ രത്നം എന്ന് പറയുന്നു. ഇവരെ രത്നങ്ങളാക്കി മാറ്റുന്നത് ബാബയാണ്. നിങ്ങൾ ബാബയിലൂടെ പവിഴബുദ്ധിയുള്ളവരായി മാറുന്നു. റങ്കൂണിൽ ഒരു കുളമുണ്ട്, അവിടെ സ്നാനം ചെയ്യുന്നവരെല്ലാം മാലാഖയായി മാറുമെന്ന് പറയാറുണ്ട്. വാസ്തവത്തിൽ ഇതാണ് ജ്ഞാനസ്നാനം, ഇതിലൂടെ നിങ്ങൾ ദേവതയായി മാറുന്നു. ബാക്കിയെല്ലാം ഭക്തിമാർഗ്ഗത്തിന്റെ കാര്യമാണ്. വെള്ളത്തിൽ സ്നാനം ചെയ്തതുകൊണ്ട് ആരും തന്നെ മാലാഖയാകുന്നില്ല. ഇതെല്ലാം ഭക്തിമാർഗ്ഗമാണ്. എന്തെന്തെല്ലാം കാര്യങ്ങളാണ് ഉണ്ടാക്കിവെച്ചിരിക്കുന്നത്. ഒന്നും മനസ്സിലാകുന്നില്ല. ഇപ്പോൾ നിങ്ങൾക്കറിയാം നിങ്ങളുടെ ഓർമ്മചിഹ്നമാണ് ദിൽവാഡ, ഗുരുശിഖർ ഇവയെല്ലാം. ബാബ വളരെ ഉയർന്ന സ്ഥാനത്തല്ലേ വസിക്കുന്നത്. നിങ്ങൾക്കറിയാം ബാബയും നമ്മൾ ആത്മാക്കളും എവിടെയാണോ വസിക്കുന്നത്, അതാണ് മൂലവതനം. സൂക്ഷ്മവതനം കേവലം സാക്ഷാത്കാരത്തിനുവേണ്ടി മാത്രമുള്ളതാണ്. അതൊരു ലോകമല്ല. മൂലവതനത്തിലോ സൂക്ഷ്മവതനത്തിലോ ചരിത്രവും ഭൂമിശാസ്ത്രവും ആവർത്തിക്കുന്നു എന്ന് പറയില്ല. ലോകം ഒന്നേയുള്ളു. ഈ ലോകത്താണ് ചരിത്രവും ഭൂമിശാസ്ത്രവും ആവർത്തിക്കുന്നത്.

മനുഷ്യർ പറയുന്നു ലോകത്തിൽ ശാന്തിയുണ്ടാകണം. ആത്മാവിന്റെ സ്വധർമ്മം ശാന്തിയാണെന്ന് അവരറിയുന്നില്ല. കാട്ടിൽനിന്നും ശാന്തി ലഭിക്കില്ല. നിങ്ങൾ കുട്ടികൾക്ക് സുഖവും ബാക്കി എല്ലാവർക്കും ശാന്തിയും ലഭിക്കുന്നു. ആരെല്ലാം വരുന്നുണ്ടോ ആദ്യം ശാന്തിധാമത്തിൽ പോയി പിന്നീട് സുഖധാമത്തിലേക്ക് വരുന്നു. ചിലർ പറയാറുണ്ട് ഞങ്ങൾ ജ്ഞാനം എടുക്കില്ല, അവസാനം വരുമ്പോൾ അത്രയും സമയം മുക്തിധാമത്തിലിരിക്കാമല്ലോ. അത് നല്ലതാണ്, വളരെയധികം സമയം മുക്തിയിലിരിക്കാം. ഇവിടെ വന്ന് ഒന്നോ രണ്ടോ ജന്മം എടുക്കുന്നു. എങ്ങിനെയാണോ കൊതുകുകൾ ഉണ്ടാകുന്നു അതുപോലെ മരിക്കുന്നു. ഒരു ജന്മത്തിൽ ഇവിടെ എന്തു സുഖം ലഭിക്കാനാണ്. ഒരു പ്രയോജനവും ഇല്ല. നിങ്ങളുടെ പാർട്ട് വളരെ ഉയർന്നതാണ്. നിങ്ങളെപ്പോലെ ആരും സുഖം ഇത്രയും കണ്ടിട്ടില്ല. അതുകൊണ്ട് പുരുഷാർത്ഥം ചെയ്യണം. ചെയത് കൊണ്ടിരിക്കുന്നുണ്ട് കഴിഞ്ഞ കൽപ്പത്തിലും നിങ്ങൾ പുരുഷാർത്ഥം ചെയ്തിരുന്നു. തന്റെ പുരുഷാർത്ഥത്തിനനുസരിച്ച് പ്രാലബ്ധം നേടിയതാണ്. പുരുഷാർത്ഥമില്ലാതെ പ്രാലബ്ധം നേടാൻ സാധിക്കില്ല. തീർച്ചയായും പുരുഷാർത്ഥം ചെയ്യണം. ബാബ പറയുകയാണ് ഇതും ഡ്രാമയിൽ ഉണ്ടാക്കപ്പെട്ടതാണ്. നിങ്ങൾക്ക് തീർച്ചയായും പുരുഷാർത്ഥം ചെയ്യണം. പുരുഷാർത്ഥം ചെയ്യാതെ ഒന്നും ആയിത്തീരില്ല. ചുമ താനെ ശരിയാകില്ലല്ലോ? ശരിയാകുന്നതിനായി മരുന്നു കഴിക്കുക എന്ന പുരുഷാർത്ഥം ചെയ്യണം. ചിലർ ഇങ്ങിനെയും ഉണ്ട് ഡ്രാമയെന്ന് പറഞ്ഞ് മിണ്ടാതിരിക്കും, എന്ത് ഡ്രാമയിലുണ്ടോ അതുപോലെ നടക്കും. ഇങ്ങനെ തലതിരിഞ്ഞ ജ്ഞാനം ബുദ്ധിയിൽ വെക്കരുത്. ഇതും മായയുടെ വിഘ്നമാണ്. കുട്ടികൾ പഠിപ്പ് ഉപേക്ഷിക്കുന്നു. ഇതിനെയാണ് പറയുന്നത് – മായയുടെ മുന്നിൽ തോറ്റു. യുദ്ധമല്ലേ. മായയും ബലവാനാണ് ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായകുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണയ്ക്കുള്ള മുഖ്യമായ സാരം -**

1. ശ്രേഷ്ഠമായ രാജ്യത്തിന്റെ സ്ഥാപന ചെയ്യുന്നതിനു വേണ്ടി ശ്രീമതം അനുസരിച്ച് നടന്ന് ബാബയുടെ സഹായിയായി മാറണം. എങ്ങനെയാണോ ദേവതകൾ നിർവ്വികാരി, അതേപോലെ ഗൃഹസ്ഥത്തിലിരുന്നും നിർവ്വികാരിയായി മാറണം. പവിത്രമായ പ്രവർത്തിമാർഗ്ഗം ഉണ്ടാക്കണം.

2. ഡ്രാമയുടെ പോയിന്റിനെ തലതിരിഞ്ഞ രൂപത്തിൽ ഉപയോഗിക്കരുത്. ഡ്രാമയെന്ന് പറഞ്ഞ് മിണ്ടാതിരിക്കരുത്. പഠിപ്പിൽ പൂർണ്ണമായും ശ്രദ്ധ കൊടുക്കണം. പുരുഷാർത്ഥത്തിലൂടെ തന്റെ ശ്രേഷ്ഠമായ പ്രാലബ്ധം ഉണ്ടാക്കണം.

## വരദാനം - കമലപുഷ്പത്തിന്റെ സിബൽ (അടയാളം) ബുദ്ധിയിൽ വെച്ച്, സ്വയം സാബിൾ (മാതൃക) എന്ന് മനസിലാക്കുന്ന വേറിട്ടവരും സ്നേഹിയുമായി ഭവിക്കൂ.

പ്രവർത്തിയിൽ ഇരിക്കുന്നവരുടെ അടയാളമാണ് കമലപുഷ്പം. അതിനാൽ കമലമാകൂ അമല മാക്കൂ. അമലമാക്കുന്നില്ലാ എങ്കിൽ കമലമാകുക സാധ്യമല്ല. അതിനാൽ കമലപുഷ്പത്തിന്റെ സിബൽ ബുദ്ധിയിൽ വെച്ച് സ്വയം സാബിൾ എന്ന് മനസിലാക്കി നടക്കൂ. സേവനം ചെയ്ത് വേറിട്ടവരും സ്നേഹിയുമായി മാറൂ. സ്നേഹികളായാൽ മാത്രം പോര വേറിട്ടവരായി മാറി സ്നേഹികളാകണം കാരണം സ്നേഹം ചിലപ്പോൾ അറ്റാച്ച്മെന്റിന്റെ രൂപത്തിലേക്ക് മാറും, അതിനാൽ എന്തെങ്കിലും സേവനം ചെയ്യുമ്പോൾ വേറിട്ടവരും സ്നേഹിയുമായി മാറൂ.

## സ്ലോഗൻ - സ്നേഹത്തിന്റെ കുടക്കീഴിനുള്ളിൽ മായയ്ക്ക് പ്രവേശിക്കാൻ സാധിക്കില്ല.